(സി) കേന്ദ്രഗവൺമെന്റിന്റെ സമീപനം നമ്മുടെ സംസ്ഥാനത്തെ സംവരണ വ്യവസ്ഥയെ എങ്ങനെ ബാധിക്കുമെന്ന് വെളിപ്പെടുത്താമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ നടപടി

10 (*307) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. ബാബു :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കുവാൻ ഉദ്ദേശ്യമുണ്ടോ ;

(ബി) .എങ്കിൽ അതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു ;

(സി) ഉദ്യോഗാർത്ഥികളെ നിയമനത്തിനായി തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച നടപടികൾ സുതാര്യമാക്കാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷയിലും ഇന്റർവ്യൂവിലും കിട്ടുന്ന മാർക്കും അവരുടെ സെലക്ഷൻ ലിസ്റ്റിനോടൊപ്പം പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ-ഇ) തെരഞ്ഞെടുപ്പ് നടപടികളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ അനുവർത്തിച്ചുവരുന്ന രഹസ്യ സ്വഭാവം നഷ്ടമാകാത്ത രീതിയിൽ, പരീക്ഷാ നടപടികൾ ഉദ്യോഗാർത്ഥികൾക്ക് മനസ്സിലാകത്തക്ക രീതിയിൽ കമ്മീഷന്റെ പ്രവർത്തനം സുതാര്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കമ്മീഷൻ ഒരു വെബ്സൈറ്റ് ആരംഭിക്കുന്നതിനും ടി വെബ്സൈറ്റിൽ കൂടി പി.എസ്.സി. പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകൾ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച മാർക്ക്, ഓരോ തസ്തികയ്ക്കും നിയമന ശുപാർശ നടത്തിയതിന്റെ വിവരങ്ങൾ തുടങ്ങിയവ അറിയിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly